**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3118** **18-06-2019 ൽ മറുപടിക്ക്**

**പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമി/എസ്റ്റേറ്റുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ ഏതെല്ലാം എസ്റ്റേറ്റുകൾ, പാട്ടഭൂമി എന്നിവ ഈ സർക്കാരിന്റെ കാലത്ത് തിരികെ പിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ജില്ല തിരിച്ചുള്ള മറുപടി ചുവടെ ചേർക്കുന്നു.<br>1) തിരുവനന്തപുരം ജില്ല:- കേസുകൾ ഇല്ല.<br>2) കൊല്ലം ജില്ല:- 3 കേസുകൾ (0.7717 ഹെക്ടർ)<br>a) മജീദിയ ഫ്രീനൈറ്റ് സ്കൂൾ, കൊല്ലം താലൂക്ക് മുണ്ടയ്ക്കൽ വില്ലേജ്, 6.42 ആർസ്<br>b) നിർമ്മിതി കേന്ദ്രം കൊട്ടാരക്കര താലൂക്ക് വെളിയം വില്ലേജ് 60.70 ആർസ്<br>c) ശ്രീ. രജ്ഞമോൻ കരുനാഗപ്പള്ളി താലൂക്ക്, കരുനാഗപ്പള്ളി വില്ലേജ് 0.0580 ആർസ്.<br>3) പത്തനംതിട്ട ജില്ല:- കേസുകൾ ഇല്ല.<br>4) ആലപ്പുഴ ജില്ല:- 01 കേസ് (1.09 ഹെക്ടർ), ചേർത്തല താലൂക്കിൽ കൊക്കൊതമംഗലം വില്ലേജിൽ സർവ്വെ നമ്പർ 173/16, 174/1 എന്നിവയിൽപ്പെട്ട 1.09 ഹെക്ടർ ഭൂമി മെസ്സേഴ്സ് മാക്സ്വൽ എന്ന കമ്പനിയ്ക്ക് പാട്ടത്തിന് കൊടുത്തിട്ടുള്ളതും, പാട്ട വ്യവസ്ഥ ലംഘിച്ച് പാട്ടഭൂമിയിൽ അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതിനാൽ പാട്ടം റദ്ദ് ചെയ്ത് 06.02.2019 ൽ തിരികെ സർക്കാരിലേയ്ക്ക് കസ്റ്റഡിയിൽ എടുത്തിട്ടുള്ളതും ടി നടപടിക്കെതിരെ കമ്പനി അധികൃതർ ബഹു. ഹൈക്കോടതിയിൽ WP(C) 9498/19-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും 27.03.2019 ലെ കോടതി ഉത്തരവ് പ്രകാരം ടി നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതുമാണ്.<br>5) കോട്ടയം ജില്ല:- കേസുകൾ ഇല്ല.<br>6) എറണാകുളം ജില്ല:- 22 കേസുകൾ (4.3483 ഹെക്ടർ)<br>a) കൊച്ചി താലൂക്കിലെ 52.22 ആർ ഭൂമി ആസ്പിൻവാൾ കമ്പനിയിൽ നിന്നും ഏറ്റെടുത്തു<br>b) കോതമംഗലം താലൂക്കിലെ 2.5627 ഹെക്ടർ ഭൂമി ഒരു വ്യക്തിയിൽ നിന്നും ഏറ്റെടുത്തു |

c) കുന്നത്തുനാട് താലൂക്കിലെ 1.2634 ഹെക്ടർ ഭൂമി 20 വ്യക്തികളിൽ നിന്നുമായി ഏറ്റെടുത്തു.

7) പാലക്കാട് ജില്ല:- കേസുകൾ ഇല്ല.

8) മലപ്പുറം ജില്ല:- 1 കേസ് (0.0525 ഹെക്ടർ) ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ 646/4 ൽ 5 സെന്റും 645/5 ൽ 3 സെന്റും ഉൾപ്പെടെ ആകെ 8 സെന്റ് ഭൂമി മലപ്പുറം പ്രസ്സ് ക്ലബിന് പാട്ടത്തിന് അനുവദിച്ചത് തിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

9) കോഴിക്കോട് ജില്ല:- കേസുകൾ ഇല്ല

10) വയനാട് ജില്ല:- കേസുകൾ ഇല്ല

11) കണ്ണൂർ ജില്ല: കേസുകൾ ഇല്ല

12) കാസർഗോഡ് ജില്ല : കേസുകൾ ഇല്ല

13) തൃശ്ശൂർ ജില്ല:- 02 കേസ് (2.4170 ഹെക്ടർ)

a) ചാലക്കുടി താലൂക്ക് മുരിങ്ങൂർ തെക്കുമുറി വില്ലേജിലെ മെസേഴ്സ്. വൈഗ ത്രെഡ്സ്, കൊരട്ടി എന്ന സ്ഥാപനത്തിന് നൽകിയ സർവ്വെ 758 ൽ 30.57 ഏക്കർ ഭൂമി പാട്ടവ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് സർക്കാർ ഏറ്റെടുത്തിട്ടുള്ളതും ടി സ്ഥാപനത്തിൽ നിന്നും 177,09,32,175/- രൂപ പാട്ടകുടിശ്ശികയായി കണക്കാക്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹു. കർണ്ണാടക ഹൈക്കോടതി ലിക്വിഡേറ്ററെ വച്ച് അസറ്റ്സ് & ഇഫക്ടസ് ഏറ്റെടുത്തിട്ടുള്ളതിനാൽ പാട്ടകുടിശ്ശിക ലഭ്യമാക്കുന്നതിന് വേണ്ടി ക്ലെയിം പെറ്റീഷൻ ചെയ്യുന്നതിലേയ്ക്കുള്ള നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

b) തലപ്പള്ളി താലൂക്ക് തിരുവില്വാമല വില്ലേജ് സർവ്വെ 632/3 ൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി തെക്കേ പാറപ്പുറത്ത് പത്തായപുരയിൽ ചേരുട്ട് കല്യാണി അമ്മ എന്നവർക്ക് പാട്ടത്തിന് നൽകിയിരുന്നു. ടി സ്ഥലം നിലവിൽ ചക്കിംഗൽ സുഭദ്രാമ്മ മകൻ ശ്രീ. രാമചന്ദ്രൻ ടിയാൻ ഭാര്യ വത്സല എന്നിവർ കൈവശം വച്ച് വരുന്നു. പ്രസ്തുത ഭൂമി പാട്ട വ്യവസ്ഥ ലംഘിച്ച് കൈമാറ്റം ചെയ്തിട്ടുള്ളതായി കാണുന്നതിനാൽ പാട്ടം റദ്ദ് ചെയ്ത് ഭൂമി ഏറ്റെടുത്തു.

14) ഇടുക്കി ജില്ല : 01 കേസ് (0.0890 ഹെക്ടർ)

മൂന്നാർ വില്ലേജിൽ ലൗഡേൽ റിസോർട്ടിന് നൽകിയിരുന്ന 22 സെന്റ് പാട്ടഭൂമി ഏറ്റെടുത്തു.

| | |
|---|---|
| (ബി) ഇത്തരത്തിലുള്ള ഭൂമി ഏറ്റവും കൂടുതൽ തിരികെപിടിച്ചത് ഏത് ജില്ല യിലാണെന്ന് വ്യക്തമാക്കാമോ? | (ബി) തൃശ്ശൂർ ജില്ല 12.4170 ഹെക്ടർ സ്ഥലം |

സെക്ഷൻ ഓഫീസർ